LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്ക്കൂളുകളിൽ അടിസ്ഥാന കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ

90 [1500] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്ക്കൂളുകളിൽ അടിസ്ഥാന കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ക്കൂളുകളിൽ ഇതിനുള്ള സൗകര്യം ഉണ്ട്;

(ബി) പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 987 സർക്കാർ ഹൈസ്ക്കൂളുകളുള്ളതിൽ 890 എണ്ണത്തിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഒരു സമയബന്ധിത പരിപാടിയായി ചുരുങ്ങിയത് 5 കമ്പ്യൂട്ടർ വീതം ഓരോ സർക്കാർ സ്കൂളിനും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

അട്ടത്തോട് ആദിവാസി ട്രൈബൽ സ്ക്കൂളിലെ അദ്ധ്യാപകർ

91 [1501] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന അട്ടത്തോട് ആദിവാസി കോളനിയിലെ ട്രൈബൽ സ്ക്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്;

(ബി) ആകെ എത്ര അദ്ധ്യാപക തസ്തികകളാണുള്ളത്;

(സി) ഈ സ്കൂളിന്റെ ചുമതല ആർക്കാണ്;

(ഡി) എന്നു മുതലാണ് ഇത് ട്രൈബൽ സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തത്;

(ഇ) ഈ സ്ക്കൂളിൽ ഇപ്പോൾ ആകെ എത്ര കുട്ടികളാണുള്ളതെന്നും ഓരോ ക്ലാസ്സിലും എത്ര പേർ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ;

(എഫ്) സ്ക്കൂളിലെ അദ്ധ്യാപകരിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉള്ളവർ എത്ര പേരുണ്ട്; ബാക്കിയുള്ളവർക്ക് ട്രെയിനിംഗ് നൽകുവാൻ എന്തൊക്കെ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്;